സുപ്രഭാതം 28 march 2022

# സി.എം.എഫ്.ആർ.ഐയുടെ കൂട് മത്സ്യ കൃഷി പദ്ധതിക്ക് അംഗീകാരം

**കൊച്ചി**

കൂട്മത്സ്യകൃഷി ജനകീയമാക്കാനുള്ള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) പ്രവർത്തനങ്ങൾക്ക് അംഗീകാരമായി സംസ്ഥാന സർക്കാറിന്റെ 'തൊഴിൽ ശ്രേഷ്ഠ' പുരസ്കാരം. സി.എം.എഫ്.ആർ.ഐയുടെ കീഴിൽ കൂട്മത്സ്യകൃഷി ആരംഭിച്ച കണ്ണൂർ ജില്ലയിലെ പി.എം ദിനിൽ പ്രസാദാണ് മത്സ്യമേഖലയിൽ നിന്ന് ഈ പുരസ്കാരത്തിന് അർഹനായത്. വിവിധ തൊഴിൽ മേഖലകളിൽ മികവു പുലർത്തിയവർക്കാണ് സംസ്ഥാന സർക്കാർ 'തൊഴിൽശ്രേഷ്ഠ' പുരസ്കാരം നൽകുന്നത്.




മത്സ്യ മേഖലയിൽ നിന്ന് സംസ്ഥാന സർക്കാരിന്റെ 'തൊഴിൽശ്രേഷ്ഠ' പുരസ്കാരം ലഭിച്ച പി.എം ദിനിൽ പ്രസാദ് സി.എം.എഫ്.ആർ.ഐ ഡയരക്ടർ ഡോ.എ ഗോപാലകൃഷ്ണനൊപ്പം

കൂട്മത്സ്യകൃഷിയിൽ ആകൃഷ്ടനായതോടെ കരസേനയിലെ ജോലി വിട്ട് 2018ലാണ് പിണറായി സ്വദേശി ദിനിൽ സി.എം.എഫ്.ആർ.ഐയുടെ പദ്ധതിയിൽ അംഗമാകുന്നത്. ആഭ്യന്തര മത്സ്യോൽപാദനം കൂട്ടുകയെന്ന ലക്ഷ്യത്തോടെ കേരളത്തിൽ 500 കൂടുമത്സ്യകൃഷി യൂനിറ്റുകൾക്ക് സി.എം.എഫ്.ആർ.ഐ തുടക്കമിട്ടപ്പോൾ ആദ്യ മത്സ്യക്കൂട് ലഭിച്ചത് ദിനിൽ പ്രസാദിനായിരുന്നു. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ (എൻ.എഫ്.ഡി.ബി) സാമ്പത്തിക സഹായത്തോടെ സബ്സിഡി നൽകിയാണ് പദ്ധതി തുടങ്ങിയത്. മൂന്നര വർഷത്തിനുള്ളിൽ തന്നെ കൂട്മത്സ്യ കൃഷിയിൽ വൻനേട്ടം സ്വന്തമാക്കാനായതാണ് ദിനിലിനെ ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരത്തിന് അർഹനാക്കിയത്.

ഏഴ് കൂടുകളിലായി കരിമീൻ കൃഷിയും കരിമീൻ വിത്തുൽപാദനവും ചെയ്യുന്നതോടൊപ്പം കൂടുമത്സ്യകൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് സാങ്കേതിക സഹായവും ദിനിൽ നൽകി വരുന്നുണ്ട്. സി.എം.എഫ്.ആർ.ഐ തദ്ദേശീയമായി വികസിപ്പിച്ച കൂട്മത്സ്യകൃഷി സാങ്കേതികവിദ്യ ജനങ്ങൾക്ക് പ്രയോജനകരമാകുന്ന വിധത്തിൽ ജനകീയമാകുന്നതിൽ സന്തോഷമുണ്ടെന്ന് ഡയറക്ടർ ഡോ.എ ഗോപാലകൃഷ്ണൻ പറഞ്ഞു. ആഭ്യന്തര മത്സ്യോത്പാദനം കൂട്ടാൻ കൂട്മത്സ്യകൃഷി സഹായിച്ചിട്ടുണ്ട്. യുവജനങ്ങളുൾപ്പെടെ ധാരാളം പേർ ഈ മേഖലയിലേക്ക് കടന്നുവരുന്നത് പ്രതീക്ഷയോടെയാണ് കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.